LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ലയിൽ മിനിസിവിൽ സ്റ്റേഷനുകൾ

124 (7960) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15 ബഡ്ജറ്റുകളിൽ തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം സ്ഥലങ്ങളിൽ മിനിസിവിൽ സ്റ്റേഷൻ ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) എവിടെയെല്ലാം സിവിൽസ്റ്റേഷൻ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കടയിലും 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ പോത്തൻകോട്ടും മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

(ബി) കാട്ടാക്കടയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി G.O. (Rt) .No. 92/2014/PWD dated 21-1-2014 പ്രകാരം 11.50 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പോത്തൻകോട് മിനി സിവിൽ സ്റ്റേഷനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

വിരമിച്ച ജീവനക്കാർക്കെതിരെയുള്ള കേസുകൾ

125 (T* 7961) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിരമിച്ച ജീവനക്കാർക്കെതിരെ കേസുകൾ നിലവിലുണ്ട് എന്ന കാരണത്താൽ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) എങ്കിൽ നിയമം, ചട്ടം ഏതെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിലുള്ള എത്ര കേസുകൾ നിലവിലുണ്ടെന്നും ; അവ പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടിയെന്തെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കോടതി കേസുകൾ നിലവിലുള്ള സാഹചര്യത്തിൽ കെ.എസ്. ആർ. ഭാഗം 3 ചട്ടം 3A പ്രകാരം പ്രൊവിഷണൽ പെൻഷൻ ഒഴികെ മറ്റ് ആനുകൂല്യങ്ങൾ നൽകാൻ സാദ്ധ്യമല്ലെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു